II.ഇ.ബി. XII--കേരള നിയമസഭ/I- 5

**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2006 ജൂൺ 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

22(*111) മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് നടപടി

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ, മോട്ടോർ വാഹന വകുപ്പിൽ അഴിമതിരഹിത പ്രവർത്തനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് ഫാസ്റ്റ് (Fully Automatic Service in Transport Departmemnt) എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതല ഏൽപിച്ചുകഴിഞ്ഞു. എല്ലാ ആർ.ടി. ഓഫീസുകളിലും ജോയിന്റ് ആർ.ടി ഓഫീസുകളിലും ഇതുസംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തുന്നതാണ്. എറണാകുളം, തിരുവനന്തപുരം ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. മറ്റ് സ്ഥലങ്ങളിൽ ഉടൻതന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

മുതലുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ സംസ്ഥാനതല മീറ്റിംഗ് വിളിച്ചുകൂട്ടി അഴിമതിരഹിത പ്രവർത്തനം ഉറപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും അതിനു വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ലേണേഴ്സ് ഡ്രൈവിംഗ് ടെസ്റ്റ് കമ്പ്യൂട്ടർ മുഖാന്തിരം നടത്തുന്നതുകൊണ്ട് അതിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് ചില ഡ്രൈവിംഗ് സ്കൂളുകളും ഇടനിലക്കാരും ഇടപെടുന്നതായി പരാതി യുണ്ട്. ശരിയായ രീതിയിൽ ടെസ്റ്റ് നടത്താതെ ലൈസൻസ് നൽകുന്നവരെ കണ്ടുപിടിച്ച് കർശന നടപടി സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയി ട്ടുണ്ട്. ഈ ഓഫീസുകളിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഇടനിലക്കാരെ ഒഴിവാക്കുന്ന സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചി ച്ചുകൊണ്ടിരിക്കുകയാണ്. മോട്ടോർ വാഹന വകുപ്പിൽ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാനും ആവശ്യത്തിനുള്ള വാഹനങ്ങൾ വാങ്ങുവാനും നടപടികൾ നടത്തിവരുന്നു. അംഗീകൃത മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെ ടുത്തി മാത്രം വകുപ്പിലെ സ്ഥലംമാറ്റങ്ങൾ നടത്തുന്നതാണ്. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ തങ്ങളുടെ സ്ഥിരം പ്രവർത്തികൾക്കുപുറമേ അഡീ ഷണൽ ഡ്യൂട്ടിയായിട്ടാണ് വിജിലൻസ് വിഭാഗത്തിലെ ജോലി നോക്കിവരുന്ന ത്. പ്രസ്തുത കാര്യം പരിഗണിച്ച് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതി നായി നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. എല്ലാ വാഹ നങ്ങൾക്കും പുക പരിശോധന നിർബന്ധമാണെന്നും എല്ലാ താലൂക്ക് കേന്ദ്ര ങ്ങളിലും മോട്ടോർ വാഹന വകുപ്പിന്റെ പുക പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തിന് വരു മാനം ഉണ്ടാക്കുന്ന വകുപ്പുകളിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്നതും

2005–06–ൽ 621.91 കോടി രൂപ വരുമാനം ലഭിച്ചതുമായ മോട്ടോർ വാഹന വകുപ്പിന് ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. സംസ്ഥാനത്താകെയുള്ള വാഹനങ്ങൾക്ക് ആനുപാതികമായി സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാനും ജോയിന്റ് ആർ.ടി.ഒ.തലത്തിലുള്ള ഓഫീസുകളിൽ റഡാർ സംവിധാനം ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും ആരംഭിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടെന്നും കോഴിക്കോട് ഇത്തരം ഒരു കേന്ദ്രം പൂർത്തിയായി വരുന്നുണ്ടെന്നും ഇവ സ്ഥാപിക്കുന്നതുവഴി വാഹന പരിശോധന കൂടുതൽ കുറ്റമറ്റതാക്കി മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. അനധികൃതമായി സമാന്തരസർവ്വീസ് നടത്തുന്ന വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ബസ് റൂട്ട് അനുവദിക്കുന്നതിന് അപേക്ഷ ലഭ്യമായാൽ നിലവിലുള്ള നിയമവ്യവസ്ഥകൾ പാലിച്ചുകൊണ്ട് അനുവാദം കൊടുക്കുന്നതാണ്. ബസ്സുകളുടെ മൽസര ഓട്ടം നിയന്ത്രിക്കുന്നതിന് ബസ് ഓപ്പറേറ്റിംഗ് ടൈമിംഗ് റീഷെഡ്യൂൾ ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ തീർപ്പുകൽപിക്കുന്നതിന് സമയപരിധി നിശ്ചയിച്ചു കൊണ്ടുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകുന്നതാണ്. മോട്ടോർ വാഹനങ്ങൾ പരിശോധിക്കുന്നതിന് എ.എം.വി.ഐ..യുടെ കീഴിൽ

പ്രവർത്തിക്കാൻ ആവശ്യമായ ഉദ്യോഗസ്ഥരില്ലെന്നും അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് പരിശോധിക്കാമെന്നും ജനസേവനകേന്ദ്രങ്ങൾ വഴി ടാക്സും മറ്റും അടയ്ക്കുന്നതിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി..

23(*112) ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, വിദേശമദ്യ ചട്ടം 13(3)–ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് ബാർ ലൈസൻസുകൾ നൽകുന്നതെന്ന് സഭയെ അറിയിച്ചു. അവ താഴെപ്പറയുന്നു.

(1) ബാർ ലൈസൻസിന് അപേക്ഷിക്കുന്ന ഹോട്ടലിന് കേന്ദ്ര ഗവണ്മെന്റിന്റെ ടൂറിസം വകുപ്പ് നൽകുന്ന 3 സ്റ്റാർ ക്ളാസിഫിക്കേഷനോ, അതിലുയർന്ന ക്ളാസിഫിക്കേഷനോ ഉണ്ടായിരിക്കണം. മിനിമം 3 സ്റ്റാർ ക്ളാസിഫിക്കേഷനെങ്കിലുമുള്ള ഹോട്ടലുകൾക്ക് മാത്രമേ പുതിയ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂ. കൂടാതെ കേന്ദ്ര ഗവണ്മെന്റിന്റെ ടൂറിസം വകുപ്പിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ള ഹെറിട്ടേജ്, ഹെറിട്ടേജ് ഗ്രാന്റ്, ഹെറിട്ടേജ് ക്ളാസിക് എന്നീ വിഭാഗങ്ങളിൽപ്പെട്ട ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകുവാൻ നിലവിൽ നിയമമുണ്ട്.

(2) ബാർ ലൈസൻസിന് അപേക്ഷിക്കുന്ന ഹോട്ടൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ഷേത്രം, പള്ളി, മോസ്ക്, ശ്മശാനം തുടങ്ങിയവയിൽനിന്നും കുറഞ്ഞത് 200 മീറ്റർ എങ്കിലും അകലെ സ്ഥിതി ചെയ്യുന്നവയായിരിക്കണം.

വിദേശ മദ്യ ചട്ടം 13.A പ്രകാരം പ്രാദേശികാവശ്യത്തെ സാധൂകരിക്കുന്നതും സർക്കാരിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കാത്തതും ബാർ ലൈസൻസ് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയില്ലാത്തുമാകണം; അപേക്ഷകൻ അബ്കാരി ആക്ട്, നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് തുടങ്ങിയ നിയമപ്രകാരം ശിക്ഷിക്കപ്പെടാത്തതും മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും ബാറിന്റെ ഉത്തരവാദിത്വങ്ങളെ ഏറ്റെടുത്തു നടത്തുവാൻ കെൽപുള്ളയാളുമാകണം; തുടങ്ങിയ വ്യവസ്ഥകളും പുതിയ ബാർ അനുവദിക്കുന്നതിന് ബാധകമാണ്. വിദേശമദ്യചട്ടം 13(3) അനുസരിച്ചാണ് ഹോട്ടലുകൾക്ക് മദ്യം വിളമ്പുന്നതിനുള്ള ലൈസൻസുകൾ നൽകുന്നത്. വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ അനുസരിച്ചാണ് ബാർ ലൈസൻസുകൾ നൽകാൻ നിയമം അനുശാസിച്ചിരുന്നത്. അപ്രൂവ്ഡ് ഹോട്ടലുകൾക്കും ടൂസ്റ്റാർ നിലവാരമുള്ള ഹോട്ടലുകൾക്കും പ്രവർത്തനം മുടങ്ങിക്കിടന്ന ലൈസൻസുകൾ പുതുക്കി നൽകിയ ഹോട്ടലുകൾക്കും നിലവിൽ നിയമം ഇല്ലാതിരുന്നിട്ടും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് നൽകിയ ബാർ ലൈസൻസുകൾ റദ്ദാക്കാൻ സാധിക്കുകയില്ല. റെയ്ഡുകൾ കൂടുതൽ ശക്തിപ്പെടുത്തി കള്ളക്കടത്തും വ്യാജമദ്യ ഉൽപാദനവും വിപണനവും പരമാവധി തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മദ്യവിരുദ്ധ പ്രചരണം നടത്തുക എന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം. എന്നാലും ഗുണമേന്മയുള്ള മദ്യം തന്നെയാണ് ജനങ്ങൾ ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ പരമ്പരാഗത

വ്യവസായമായ കള്ളുചെത്തു വ്യവസായത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. എല്ലാ ഇംഗ്ളീഷ് മാസവും 1-ാം തീയതി മദ്യശാലകൾ അടച്ചിടുന്നത് പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്. സ്പിരിറ്റ് മാഫിയകളെ തടയുന്നതിന് കേന്ദ്രവും സംസ്ഥാനവും ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന് നല്ല വരുമാനം നേടിത്തരുന്ന എക്സൈസ് ഡിപ്പാർട്ടുമെന്റിനെ സംശുദ്ധമാക്കാനുള്ള നടപടികളും ഗവണ്മെന്റ് സ്വീകരിക്കും. 2005-06-ലെ മദ്യനയം തന്നെ ഈ ഗവണ്മെന്റും തുടരുന്നതാണ്. വിശദമായ പരിശോധനകൾക്കുശേഷമാണ് കെ.എസ്.ബി.സി.യുടെ ഔട്ട്ലെറ്റുകളിൽ മദ്യവിൽപന നടത്തുന്നതെന്നും മറ്റു ഷോപ്പുകളിൽക്കൂടി വിൽപന നടത്തുന്ന വ്യാജമദ്യം കണ്ടുപിടിച്ചാൽ ബിവറേജസ് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. വ്യാജമദ്യ ഉൽപാദനവും വിപണനവും വ്യാപാരവും കർശനമായി തടയുന്നതിനായി സംസ്ഥാന, ജില്ലാ, താലൂക്ക് റെയ്ഞ്ച് തലത്തിലുള്ള എല്ലാ ഉദ്യോഗസ്ഥരുടേയും സഹായം ലഭ്യമാക്കുന്നതാണെന്ന് ഒരുപചേദ്യത്തിനു മറുപടിയായി മന്ത്രി പറഞ്ഞു. അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധതരം മദ്യങ്ങൾ വരുന്നത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് മുൻകൈയെടുക്കുന്നതാണ്. അടച്ചിട്ടിരുന്ന 1610 കള്ളുഷാപ്പുകളിൽ തൃശൂർ ജില്ലയിലെ കുറെ കള്ളുഷാപ്പുകൾ ഈ ഗവണ്മെന്റ് പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും മറ്റ് ഷാപ്പുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

24(*113) <u>കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധിക്കുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണെന്ന് അറിയിച്ചു.

വിവിധതരം യാത്രാ സൗജന്യങ്ങൾ; വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാസൗജന്യം;

സാമൂഹ്യ പ്രതിബദ്ധതമൂലം വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് ഓടിക്കുന്നതുകൊണ്ടുള്ള നഷ്ടം;

ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിൽവന്ന വർദ്ധനവ്;

ജീവനക്കാർക്ക് നൽകിവരുന്ന പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും;

പെട്രോളിയം ഉൽപന്നങ്ങളുടെ അടിക്കടിയുള്ള വില വർദ്ധനവ് മൂലമുണ്ടാകുന്ന അധികചെലവ് (പ്രതിമാസം 14.25 കോടി രൂപയുടെ നഷ്ടം).

വരുമാനം കുറഞ്ഞ ഷെഡ്യൂളുകൾ പുന:ക്രമീകരിച്ചും ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഡ്രൈവർമാർക്ക് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് വിദഗ്ദ്ധ ട്രെയിനിംഗ് നൽകിയും പഴക്കം ചെന്ന ബസ്സുകൾ മാറ്റി പുതിയവ നിരത്തിലിറക്കി റിപ്പയറിന്റേയും മെയിന്റനൻസിന്റേയും ചെലവ് കുറച്ചും കമ്പ്യൂട്ടറൈസേഷനും ഇലക്ട്രോണിക് മെഷീന്റെ ഉപയോഗവും വ്യാപിപ്പിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും ബസ്സുകളിൽ പരിശോധന ശക്തമാക്കി വരുമാന ചോർച്ച തടഞ്ഞും ഇൻവെന്ററി കൺട്രോളിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള പദ്ധതികൾ ഏർപ്പെടുത്തി പർച്ചേസിൽ ഗണ്യമായ കുറവു വരുത്തിയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കളക്ഷൻ കുറ

യ്ക്കുന്നവിധമുള്ള അനധികൃത സമാന്തര സർവ്വീസുകൾ തടഞ്ഞും കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ഉദ്ദേശിക്കുന്നു.

25 (*114) തൊഴിലാളി ക്ഷേമനിധി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തൊഴിൽ വകുപ്പിനുകീഴിൽ വിവിധ തൊഴിൽ മേഖലകളിലായി 12 ക്ഷേമനിധി ബോർഡുകളും 2 വെൽഫെയർ ഫണ്ട് സ്കീമുകളും പ്രവർത്തിച്ചുവരുന്നതായി അറിയിച്ചു. ഈ ബോർഡുകളുടെ കീഴിൽ കർഷക തൊഴിലാളികൾ, കള്ള്ചെത്ത് തൊഴിലാളികൾ, അബ്കാരി തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, മോട്ടോർ ട്രാൻസ്പോർട്ട് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, ഈറ്റ–കാട്ടുവള്ളി–തഴ തൊഴിലാളികൾ, ബീഡി–സിഗാർ തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ബാർബർ–ബ്യൂട്ടീഷൻ തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, കൂടാതെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായിട്ടുള്ള മറ്റ് തൊഴിലാളികൾ എന്നിവർക്കാണ് ക്ഷേമനിധി നിലവിലുള്ളത്. കർഷക തൊഴിലാളി പെൻഷൻ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് നിലവിൽ വരുന്നതിനുമുമ്പ് വിരമിച്ച കശുവണ്ടിത്തൊഴിലാളികൾക്കുള്ള പെൻഷൻ (ന്യൂ സ്കീം), കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ ചുരുട്ട് തൊഴിലാളികൾക്കുള്ള പെൻഷൻ എന്നിവയാണ് സർക്കാർ ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ നൽകിവരുന്നത്. സ്വർണ്ണത്തൊഴിലാളികൾ, സ്വകാര്യ ആശുപത്രി, ഷോപ്പ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് ജീവനക്കാർ, പാഴ്സൽ ജീവനക്കാർ,

ചെറുകിട തോട്ടം തൊഴിലാളികൾ, പെട്രോൾ ബങ്ക് ജീവനക്കാർ, ടിംബർ ഡിപ്പോ തൊഴിലാളികൾ തുടങ്ങി അസംഘടിത അനൗപചാരിക മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമപദ്ധതികൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

26 (*130) <u>സർക്കാർ പ്രസ്സുകളുടെ നവീകരണം</u>

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി അച്ചടി ജോലികൾ പൂർണ്ണമായും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യുവാൻ തക്കവണ്ണമുള്ള ആധുനിക യന്ത്രങ്ങൾ കൂടുതലായി വാങ്ങുവാനും അച്ചടി വകുപ്പിനുവേണ്ടി ഒരു വെബ്സൈറ്റ് തുടങ്ങുവാനും പൊതുജനങ്ങൾക്ക് സർക്കാർ ഗസറ്റ് അപ്പപ്പോൾ വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്നതിനും എല്ലാ പ്രസ്സുകളേയും നെറ്റ്വർക്കിലൂടെ ബന്ധിപ്പിക്കുവാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചു. 2005–2006 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിലും, കെ.ബി.പി.എസ്–ലും കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുമായിട്ടാണ് അച്ചടിച്ചത്. 2006–2007 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി പൂർണ്ണമായും സർക്കാർ മേഖലയിലുള്ള കാക്കനാട്ടെ കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റിക്കാണ് നൽകിയത്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

33(619) <u>പരമ്പരാഗത തൊഴിൽമേഖലയിൽ ജോലി ചെയ്യുന്നവർ</u>

കേരളത്തിൽ കയർ, കൈത്തറി, കശുവണ്ടി, ഖാദി, പനമ്പ് എന്നീ പരമ്പരാഗത തൊഴിൽ മേഖലകളിൽ യഥാക്രമം 3.75 ലക്ഷവും 1.50 ലക്ഷവും 2.50 ലക്ഷവും 50,000–ഉം 1.25 ലക്ഷവും തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

34 (622 & 623) <u>കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക</u>

2004 മേയ് മുതൽ 2006 ഏപ്രിൽ വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയിൽ 2004 മേയ് മുതൽ 2005 ഏപ്രിൽ വരെയുള്ളത് ഒറ്റത്തവണയായി വിതരണം ചെയ്യുന്നതിന് 80,58,76,344/– രൂപ ജില്ലാ ലേബർ ഓഫീസർമാർക്ക് അനുവദിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി ജില്ലാ ലേബർ ഓഫീസർമാർ ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പുനർവിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ 31–3–2006 വരെയുള്ള അതിവർഷ ആനുകൂല്യ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 69 കോടി രൂപ ആവശ്യമായിവരും.

35(633, 634, 635 & 636) <u>സംസ്ഥാനത്ത് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ</u>

സംസ്ഥാനത്ത് ആകെയുള്ള 83 എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 31.3.2006 വരെ പേര് രജിസ്റ്റർ ചെയ്ത 3,793,183 തൊഴിൽരഹിതരുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെക്കൊടുക്കുന്നു:

| | | | | | |
|---|---|---|---|---|---|
| തിരുവനന്തപുരം | – 549189 | കൊല്ലം | – 398701 | ആലപ്പുഴ | – 349330 |
| പത്തനംതിട്ട | – 146842 | കോട്ടയം | – 218792 | ഇടുക്കി | – 117362 |
| എറണാകുളം | – 371876 | തൃശ്ശൂർ | – 337834 | പാലക്കാട് | – 281622 |
| മലപ്പുറം | – 259809 | കോഴിക്കോട് | – 367879 | വയനാട് | – 80675 |
| കണ്ണൂർ | – 220969 | കാസറഗോഡ് | – 92313 | | |

ഇതിൽ 237,352 ബിരുദധാരികളും 57,446 ബിരുദാനന്തര ബിരുദധാരികളും 12,675 പ്രൊഫഷണൽ ബിരുദധാരികളുമുണ്ട്. 1–5–2001 മുതൽ 31–3–2006 വരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 54914 പേർക്ക് നിയമനം

നൽകിയിട്ടുണ്ട്. 2005 ജൂൺ മുതൽ 2006 മേയ് മാസംവരെ 44,86,40,280 രൂപ തൊഴിലില്ലായ്മ വേതനം ഇനത്തിൽ കുടിശ്ശിക കൊടുക്കാനുണ്ട്.

36(654) <u>സംസ്ഥാനത്തെ മദ്യവില്പന കേന്ദ്രങ്ങൾ</u>

വില്പന നടത്തുവാനുള്ള 57 എണ്ണം ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 4362 കള്ളു ഷാപ്പുകളാണുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 351 വിദേശ മദ്യ ഷാപ്പുകൾ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷനും കൂടിയാണ് നടത്തുന്നത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | കെ.എസ്. ബി.സി. | കെ.എസ്.സി സി.എഫ്. |
|---|---|---|
| തിരുവനന്തപുരം | 32 | 6 |
| കൊല്ലം | 30 | 3 |
| പത്തനംതിട്ട | 13 | 1 |
| കോട്ടയം | 28 | 4 |
| ആലപ്പുഴ | 22 | 2 |
| ഇടുക്കി | 26 | 3 |
| എറണാകുളം | 43 | 8 |
| തൃശ്ശൂർ | 24 | 4 |
| പാലക്കാട് | 25 | 4 |
| കോഴിക്കോട് | 17 | 4 |
| വയനാട് | 10 | 1 |
| മലപ്പുറം | 11 | 1 |
| കണ്ണൂർ | 14 | 4 |
| കാസർഗോഡ് | 10 | 1 |

37(660 & 661) <u>കശുവണ്ടി ഫാക്ടറികൾ</u>

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 30-ഉം കാപ്പക്സിന്റെ കീഴിൽ 10-ഉം സ്വകാര്യ മേഖലയിൽ 613-ഉം കശുവണ്ടി ഫാക്ടറികളുണ്ട്. ഇവയിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പ

റേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള എല്ലാ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വകാര്യമേഖലയിൽ 539 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കശുവണ്ടി വികസന കോർപ്പറേഷനിൽ 15506-ഉം കാപ്പെക്സിൽ 3742-ഉം സ്വകാര്യ മേഖലയിൽ 159,505-ഉം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 1-4-2006-ലെ കണക്കനുസരിച്ച് കോർപ്പറേഷന്റെ സഞ്ചിത നഷ്ടം 47422.50 ലക്ഷം രൂപയാണ്.

38 (695 & 706) <u>സംസ്ഥാനത്തെ ദേശീയപാതകൾ</u>

എൻ.എച്ച്.17,എൻ.എച്ച്.47, എൻ.എച്ച്.47എ, എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നീ 8 ദേശീയപാതകൾ സംസ്ഥാനത്തുകൂടി കടന്നുപോകുന്നു. ദേശീയപാത 47-ൽ ചേർത്തല മുതൽ കളിയിക്കാവിള വരേയും ദേശീയപാത 17-ഉം നാലുവരിപ്പാതയാക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നടത്തിവരുന്നുണ്ട്.

39 (730) <u>തലസ്ഥാന നഗരവികസന പദ്ധതി</u>

2004-ൽ പ്രവർത്തനം തുടങ്ങിയ തലസ്ഥാന നഗരവികസന പദ്ധതിക്കുവേണ്ടി തീരപഥം അർബൻ ഡവലപ്മെന്റ് പ്രോജക്ടിന്റെ ചുമതലയിൽ 2003-04 സാമ്പത്തിക വർഷം മുതൽ 2006 മേയ് 31 വരെ ഏകദേശം 6860 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

40 (756) <u>പുതിയ ബസ്സുകൾ</u>

കെ.എസ്.ആർ.ടി.സി. കഴിഞ്ഞ വർഷം 271 പുതിയ ബസ്സുകൾ വാങ്ങുകയുണ്ടായി. എല്ലാ റൂട്ടുകളിലും സർവീസ് നടത്തുന്നതിന് 69 ബസ്സുകളുടെ കുറവുണ്ട്.

41 (780 & 781) <u>കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം</u>

31–3–2006 വരെ കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം 1500.22 കോടി രൂപയാണ്. 2005–06 സാമ്പത്തിക വർഷത്തിൽ ഓപ്പറേറ്റിംഗ് റവന്യൂ 829 കോടി രൂപയും നോൺ ഓപ്പറേറ്റിംഗ് റവന്യൂ 9 കോടി രൂപയും ഉൾപ്പെടെ 838 കോടി രൂപയുടെ വരുമാനവും 971.67 കോടി രൂപയുടെ ചെലവും ഉണ്ടായിട്ടുണ്ട്.

42(788) <u>കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന കളക്ഷൻ</u>

കെ.എസ്.ആർ.ടി.സി. 18–5–2006–ലെ കണക്ക് പ്രകാരം 3594 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുള്ളതിൽ പ്രതിദിനം ശരാശരി 2,44,82,979 രൂപയുടെ കളക്ഷനും 18–6–2006–ലെ കണക്ക് പ്രകാരം 3626 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുള്ളതിൽ ശരാശരി 2,38,23,762 രൂപയുടെ കളക്ഷനും ഉണ്ടായിട്ടുണ്ട്.